**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1624 — 06.03.2017-ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിവുകൾ

**ചോദ്യം** — **ഉത്തരം**

**ശ്രീ. കെ.വി. വിജയദാസ്** — **ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പഞ്ചായത്ത് സെക്രട്ടറിമാർ, അസിസ്റ്റന്റ് പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരുടെ തസ്തികകളിൽ അവശേഷിക്കുന്ന ഒഴിവുകൾ ഉടൻ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | പഞ്ചായത്ത് സെക്രട്ടറിമാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; എങ്കിൽ ആയതിനുള്ള വിശദാംശം നൽകുമോ? | (ബി) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊമോഷൻ സംബന്ധിച്ച് നിരവധി കോടതി വ്യവഹാരങ്ങളും സംശയങ്ങളും നിലനിന്നതിനാൽ പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 24.11.2016-ൽ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുകയുമുണ്ടായി. നിലവിലുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിന് ജൂനിയർ ഡി.പി.സി. ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**